"ഭരണഭാഷ – മാതൃഭാഷ"

കേരള സംസ്ഥാനം

# വ്യാവസായിക പരിശീലനവകുപ്പ്

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033
Ph:0471-2303856, ഇ- മെയിൽ: cru.dttvpm@kerala.gov.in
വെബ്സൈറ്റ് : www.det.kerala.gov.in

നമ്പർ.DT/6385/2022-A7 തീയതി: 10-04-2026

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ സ്ഥാപന മേധാവികൾക്കും

സർ

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനകാര്യം-വ്യാവസായിക പരിശീലന വകുപ്പിൽ ശമ്പളം SPARK ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർ നില അനുസരിച്ചുള്ള സാലറി സർക്കിളിൽ ഉൾപ്പെടുത്തി മാത്രം പ്രോസസ്സ് ചെയ്യുന്നത് -സംബന്ധിച്ച്.

സൂചന:-

1. 31-07-2025 തീയതിയിലെ സി4/226/2024-തൊഴിൽ നമ്പർ സർക്കാർ കത്ത്
2. 27-08-2025 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്
3. 17-03-2026 തീയതിയിലെ സി4/226/2024-തൊഴിൽ നമ്പർ സർക്കാർ കത്ത്
4. 30-03-2026 തീയതിയിലെ സി4/226/2024-തൊഴിൽ നമ്പർ സർക്കാർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ 01-04-2026 മുതൽ സാധാരണ ഓഫീസ് ഷിഫ്റ്റുകളിൽ (രാവിലെ 10 മുതൽ 5 വരെ അല്ലെങ്കിൽ രാവിലെ 10.15 മുതൽ 05.15 വരെ) ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും ശമ്പളം SPARK ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർ നില അനുസരിച്ചുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്തി മാത്രം പ്രോസസ്സ് ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും, അനാവശ്യകാലതാമസങ്ങൾ ഉണ്ടാക്കി ഈ സംവിധാനം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ



File No. DT/6385/2022-A7 (Computer No. 192557)
Generated from eOffice by PREMKUMAR G, A7 DTTVPM, A7 DTTVPM, INDUSTRIAL TRAINING DEPARTMENT on 13/04/2026 02:08 PM

കർശന നടപടികൾ സ്വീകരിക്കാൻ സൂചന (4) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ **01-04-2026** മുതൽ സാധാരണ ഓഫീസ് ഷിഫ്റ്റുകളിൽ (രാവിലെ **10** മുതൽ **5** വരെ അല്ലെങ്കിൽ രാവിലെ **10.15** മുതൽ **05.15** വരെ) ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെ ശമ്പളം **SPARK** ബന്ധിത ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം വഴിയുള്ള ഹാജർ നില അനുസരിച്ചുള്ള സാലറി സൈക്കിളിൽ ഉൾപ്പെടുത്തി മാത്രം പ്രോസസ്സ് ചെയ്യേണ്ടതാണെന്നും, ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം ഹാജർ കൺട്രോളിംഗ് ഓഫീസർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് മാത്രം ശമ്പളം പ്രോസസ്സ് ചെയ്യേണ്ടതാണെന്നും വകുപ്പിലെ എല്ലാ സ്ഥാപങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നു. ടി വിഷയത്തിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

വിശ്വസ്തതയോടെ

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പകർപ്പ് :- ഡി. ഡി. ഒ., ട്രെയിനിംഗ് ഡയറക്ടറേറ്റ്